# നോമ്പുകാലം അഞ്ചാം ഞായർ

## ധനവാനും ലാസറും (ലൂക്കാ 16, 19-31)

1. **ദാരിദ്ര്യം ഒരു പോരായ്മയാണോ?**

- **അതെ** - ദാരിദ്ര്യത്തെ ഒരു കുറവായോ പോരായ്മയോ ആയി കാണുന്ന മനുഷ്യരാണ് ഇന്ന് ഭൂരിഭാഗംപേരും. ക്രിസ്തുവിന്റെ കാലത്തും അങ്ങനെ തന്നെ. സമൂഹത്തിന്റെ മുഖ്യധാരയെ അനുവർത്തിക്കുന്ന തരിത്തിലുള്ള വസ്ത്രധാരണങ്ങളും ഭക്ഷണരീതികളും ജീവീതശൈലികളുമൊക്കെ ഉള്ള വർ മാത്രമേ സമൂഹത്തിൽ അംഗീകരിക്കപ്പെട്ടിരുന്നുള്ളു.
- **അല്ല** - സുഹൃത്തേ, സ്വർഗ്ഗരാജ്യപ്രാപ്തിക്ക് ദാരിദ്ര്യമോ രോഗമോ ഒരു തടസ്സമല്ലായെന്ന് തിരുവചനം ആവർത്തിക്കുകയാണ്.

  ദാരിദ്ര്യവും അതുമൂലമുള്ള സഹനങ്ങളും സന്തോഷത്തോടെ സ്വീകരിക്കുകയും സ്വന്തം ജീവിതാവസ്ഥകളെയും ജീവിതത്തിന്റെ കുറവു കളെയും അംഗീകരിക്കുകയും ചെയ്യുക എന്നത് എത്ര വലിയ ഒരു പുണ്യ മാണ്.

2. **ദരിദ്രനോടുള്ള കരുണ - വി. ഗ്രന്ഥത്തിന്റെ സത്താപരമായ ദർശനം.**

അനാഥർ, വിധവകൾ, ദരിദ്രർ ഈ മൂന്നു കൂട്ടരോടുമുള്ള കരുണ ധാർമ്മി കജീവിതത്തിന്റെ അനിവാര്യഭാഗമായി പഴയനിയമകാലംമുതലേ കാത്തുസൂക്ഷി ക്കുന്ന ഒന്നാണ്.

- എനിക്ക് എത്രമാത്രം ഇല്ലാത്തവനെ പരിഗണിക്കാനാവുന്നുണ്ട്?

- എന്റെ സമ്പന്നതയിൽനിന്ന് ഒരംശമെങ്കിലും ഓരോ ദിവസവും ദരിദ്രനു വേണ്ടിയും ഇല്ലാത്തവനുവേണ്ടിയും പാവപ്പെട്ടവനുവേണ്ടിയും കരുതിവ യ്ക്കാനാവുന്നുണ്ടോ?
- വളർന്നുവരുന്ന തലമുറയിൽ ദരിദ്രനോട് അവജ്ഞയേറുന്ന ഒരു അവ സ്ഥാവിശേഷം ഇല്ലേ?

**3. ദരിദ്രനായ ധനവാൻ - ധനവാൻ സത്യത്തിൽ ദരിദ്രനായിരുന്നു.**

തീർച്ചയായും അയാൾ ധനവാനായിരുന്നു. വസ്ത്രങ്ങളിലും ഭക്ഷണരീതി കളിലും വസ്ത്രധാരണയിലും വേഷഭൂഷാദികളിലും സുഖസൗകര്യങ്ങളിലും. അതേ സമയം മൂല്യബോധങ്ങളിലും ജീവിതത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുക ളിലും ആത്മീയ ദർശനങ്ങളിലും ധാർമ്മിക മൂല്യ ബോധ്യങ്ങളിലൊക്കെ അയാൾ ദരിദ്രനായിരുന്നുവെന്ന് സുവിശേഷത്തിലൂടെ വി. ലൂക്കാ പറയാതെ പറയുകയാ ണ്.

**4. ഞാൻ ധനവാനാണോ?**

- എന്റെ ജീവിത ദർശനങ്ങളിൽ...
- എന്റെ മൂല്യബോധങ്ങളിൽ...
- ആത്മീയമായ കാഴ്ച്ചപ്പാടുകളിൽ...

നല്ല ദൈവമേ, സമ്പന്നതയുടെ നടുവിലും സുഖസൗകര്യങ്ങളുടെയും ആർഭാട ങ്ങളുടെയും നടുവിലും ആത്മീയ ജീവിത വഴിത്താരകളിൽ എന്നെ ദരിദ്രനായി മാറാൻ അനുവദിക്കരുതേ. ആമ്മേൻ.

**- ഫാ. അജോ രാമച്ചനാട്ട്**